# സമൂഹസംസ്കരണത്തിന്റെ പ്രവാചക മാതൃക

എം. എം. അക്ബർ

തങ്ങൾ ജീവിച്ചിരുന്ന സമൂഹത്തെ സകലമാന തിന്മകളിൽ നിന്നും മോചിപ്പിച്ച് വിശുദ്ധിയിലേക്കുംഅങ്ങനെ വിമോചനത്തിലേക്കും നയിക്കുന്നതിനു വേണ്ടിയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. പ്രവാചകന്മാരെ ക്കാൾ മഹാന്മാരായ സാമൂഹ്യപരിഷ്കർത്താക്കളെ ചരിത്രം കണ്ടിട്ടില്ല. സ്വയം കഷ്ടനഷ്ടങ്ങൾ സഹിച്ചും സമൂഹത്തിൻെറ ഭൽസനങ്ങളേറ്റുവാങ്ങിയും തങ്ങൾ നിയോഗിക്കപ്പെട്ട സമൂഹത്തെ സംസ്കരിക്കു വാൻ വേണ്ടി ശ്രമിച്ചവരായിരുന്നു അവർ. യാതൊരുവിധ ഭൗതികതാൽപര്യങ്ങളുമില്ലാതെ തങ്ങളുടെ സഹജീവി കളെ സത്യമാർഗത്തിലേക്ക് ക്ഷണിച്ചവർ.

മുഹമ്മദ് നബി(സ)യോടുള്ള അല്ലാഹുവിൻെറ ഉദ്ബോധനം നോക്കുക:

‘‘അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്നുകൊള്ളുക. (നബിയേ,) പറയുക: ഇതിൻെറ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്കുവേണ്ടിയുള്ള ഒരു ഉദ്ബോധനമല്ലാതെ മറ്റൊന്നുമല്ല’’ (6:90).

സമൂഹത്തെ സംസ്കരിക്കുവാനുള്ള തങ്ങളുടെ യത്നത്തിനിടയിൽ ദൈവദൂതന്മാർ സഹിച്ച പ്രയാസങ്ങൾക്ക് കയ്യും കണക്കുമില്ല. അവർ മർദിക്കപ്പെട്ടു; പീഡിപ്പിക്കപ്പെട്ടു. അപഹസിക്കപ്പെട്ടു. സമൂഹ സംസ്കരണത്തിൻെറ പാതയിൽ കൊല്ലപ്പെട്ടവരും പ്രവാചകന്മാരുടെ പട്ടികയിലുണ്ട്. ഖുർആൻ പറയുന്നത് കാണുക:

‘‘നിനക്ക് മുമ്പ് പല ദൂതന്മാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചുകൊണ്ടിരുന്നതെന്തോ അത് വന്നുഭവിക്കുക തന്നെചെയ്തു’’ (6:10).

‘‘തീർച്ചയായും നിനക്കുമുമ്പ് പൂർവികന്മാരിലെ പല കക്ഷികളിലേക്കും നാം ദൂതന്മാരെ അയച്ചിട്ടുണ്ട്. ഏതൊരു ദൂതൻ അവരുടെ അടുത്ത് ചെല്ലുമ്പോഴും അവർ അദ്ദേഹത്തെ പരിഹസിക്കാതിരുന്നിട്ടില്ല’’ (15:10,11).

ജനങ്ങളെ സംസ്കരിക്കുവാനും വിമലീകരിക്കുവാനും ശ്രമിച്ചതിനാലാണ് പ്രവാചകന്മാർക്ക് ഈ പ്രയാസങ്ങളെല്ലാം നേരിടേണ്ടിവന്നത്. എങ്ങനെയാണ് ദൈവദൂതന്മാർ തങ്ങളുടെ സമൂഹത്തെ സം സ്കരിക്കാൻ ശ്രമിച്ചത്? എന്തുകൊണ്ടാണ് അവർ പീഡിപ്പിക്കപ്പെട്ടതും തിരസ്കരിക്കപ്പെട്ടതുമെല്ലാം?

ദൈവദൂതന്മാർ ജനങ്ങളെ സംസ്കരിക്കാൻ ശ്രമിച്ച പ്രസ്തുത സംസ്കരണ പ്രവർത്തനങ്ങൾ വഴി അവർക്ക് ആളാകുവാനോ ജനങ്ങളാൽ ശ്രദ്ധിക്കപ്പെടുന്നതിനോ അവരുടെ നേതൃത്വത്തിലെത്തി ച്ചേരുന്നതിനോ ആയിരുന്നില്ല. സകലമാന തിന്മകളിൽ നിന്നും സമൂഹത്തെ സംസ്കരിച്ച് അവരെ ദൈവാനുഗ്രഹത്തിന് പാത്രമാക്കുകയായിരുന്നു പ്രവാചകന്മാരുടെ ലക്ഷ്യം. അതുകൊണ്ടുതന്നെ അവ രെല്ലാം നയിച്ച സംസ്കരണ സംരംഭങ്ങൾ തിന്മകളുടെ അടിവേരറു ക്കുന്നതിനും അങ്ങനെ ജനങ്ങളെ

ആമൂലാഗ്രം സംസ്കരിക്കുന്ന തിനും വേണ്ടിയുള്ളതായിരുന്നു. തിന്മകളുടെ അടിവേരറുക്കണമെങ്കിൽ സകലമാന അധർമങ്ങളുടെയും മാതാവായ ശിർക്കിനെ സമൂഹത്തിൽ നിന്ന് നിഷ്കാസനം ചെയ്യേണ്ടതുണ്ട് അധർമങ്ങൾ ഇല്ലാതാവണമെങ്കിൽ അല്ലാഹുവും മനുഷ്യരും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കേണ്ടതുണ്ട്. ബഹുദൈവാരാധന നിലനിൽക്കുമ്പോഴാണ് മനുഷ്യഹൃദയത്തിൽ നിന്ന് സ്രഷ്ടാവായ തമ്പുരാൻ നിഷ്കാസിതനാവുന്നത്. അതുകൊണ്ടുതന്നെ ശിർക്കിൽ നിന്ന് തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന്നാണ് പ്രവാചകന്മാർ ഒന്നാമതായി പരിഗണന നൽകിയത്.

ബഹുദൈവാരാധനയുടെ അധമത്വത്തിൽനിന്നും ദൈവനിഷേധത്തിൻെറ അഹങ്കാരത്തിൽനിന്നും മനുഷ്യരെ മുക്തരാക്കി ഏക ദൈവാരാധനയുടെ ഔന്നത്യത്തിലേക്ക് അവരെ നയിക്കുവാൻ വേണ്ടിയാണ് മുഴുവൻ പ്രവാചകന്മാരും പരിശ്രമിച്ചത്. പ്രവാചക പ്രബോധനങ്ങളിൽ ഏറ്റവും പ്രമുഖമായത് 'ലാഇലാഹ ഇല്ലല്ലാഹു' എന്ന തത്ത്വമായിരുന്നു.

''തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി)'' (16:36).

''ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല'' (21:25).

പ്രവാചകന്മാരെല്ലാം പ്രഥമവും പ്രധാനവുമായി പ്രബോധനം ചെയ്ത ഏകദൈവാരാധന പ്രബോധനം ചെയ്യാനാണ് അന്തിമ പ്രവാചകനായ മുഹമ്മദും (സ) കൽപിക്കപ്പെട്ടത്. ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

''പറയുക: കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. ഞാൻ കീഴ്പ്പെടുന്നവരിൽ ഒന്നാമനായിരിക്കണമെന്നും എനിക്ക് കൽപന നൽകപ്പെട്ടിരിക്കുന്നു. പറയുക: ഞാൻ എൻെറ രക്ഷിതാവിനെ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ തീർച്ചയായും ഞാൻ പേടിക്കുന്നു. പറയുക: അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്; എൻെറ കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട്. എന്നാൽ, നിങ്ങൾ അവന്നു പുറമെ നിങ്ങളുദ്ദേശിച്ചതിന് ആരാധന ചെയ്തു കൊള്ളുക. പറയുക: ഉയിർത്തെഴുന്നേൽപിൻെറ നാളിൽ സ്വദേഹങ്ങൾക്കും തങ്ങളുടെ ആളുകൾക്കും നഷ്ടം വരുത്തിവെച്ചതാരോ അവരത്രേ തീർച്ചയായും നഷ്ടക്കാർ. അതുതന്നെയാകുന്നു വ്യക്തമായ നഷ്ടം'' (39: 11-14).

''പറയുക: തീർച്ചയായും എൻെറ പ്രാർഥനയും എൻെറ ആരാധനാകർമങ്ങളും എൻെറ ജീവിതവും എൻെറ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്'' (6:162,163).
ഇസ്ലാമിക പ്രബോധനത്തിനായി നിയോഗിക്കപ്പെടുന്നവരോട് മുഹമ്മദ്നബി(സ) കൽപിച്ചത് ജനങ്ങളെ പ്രഥമമായി ഏകദൈവാരാ ധനയിലേക്ക് ക്ഷണിക്കുവാനാണ്. യമനിൽ ഗവർണറായി നിയോഗി ക്കപ്പെട്ട മുആദി(റ) നോടുള്ള പ്രവാചകൻെറ ഉപദേശം ശ്രദ്ധേയമാണ്.

''ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: യമനിലേക്ക് നിയോഗിക്കപ്പെട്ട മുആദി (റ)നോട് പ്രവാചകൻ (സ) പറഞ്ഞു: 'വേദക്കാരുടെ അടുത്തേക്കാണ് നീ പോകുന്നത്. നീ ആദ്യം ക്ഷണിക്കേണ്ടത് അല്ലാഹു

വല്ലാതെ ആരാധ്യനില്ലെന്ന സാക്ഷ്യത്തിലേക്കാണ്. അതിനവർ താങ്കളെ അനുസരിച്ചാൽ രാവും പകലുമായി ദിവസവും അഞ്ചുനേരം നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു എന്നവരെ അറിയിക്കുക. അതിനുമവർ അനുസരണം കാണിച്ചാൽ അവരുടെ പണക്കാരിൽ നിന്നും ശേഖരിച്ച് പാവങ്ങൾക്ക് വീതിച്ചു കൊടുക്കാനുള്ള സകാത്ത് അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു എന്ന് പറയുക. അതും അവർ അനുസരിച്ചാൽ ഏറ്റവും മെച്ചപ്പെട്ട മുതലുകൾ മാത്രം എടുക്കുന്നത് നീ സൂക്ഷിക്കുക. മർദിതൻെറ പ്രാർഥന സൂക്ഷിക്കുക. അതിനും അല്ലാഹുവിനു മിടയിൽ യാതൊരു മറയുമില്ല'' (സ്വഹീഹുൽ ബുഖാരി, ഹദീഥ്:1365, സ്വഹീഹു മുസ്‌ലിം, ഹദീഥ്:28).

ആദ്യകാല സ്വഹാബിമാരിൽ ചിലർക്ക് ജീവൻ വെടിയേണ്ടിവന്നതും ക്രൂരമായ പീഡനങ്ങളേൽ ക്കേണ്ടിവ ന്ന തുമെല്ലാം ഏക ദൈവാരാധനയെ തങ്ങളുടെ ജീവിതാദർശമായി സ്വീകരിച്ചതു കൊണ്ടായിരുന്നു.

സാമൂഹിക സംസ്കരണ സംരംഭങ്ങൾ തുടങ്ങേണ്ടത് തിന്മകളുടെ അടിവേരറുത്തുകൊണ്ടായിരിക്കണം. ശിർക്കാണ് സകല അധർമങ്ങളുടെയും അടിവേര്. ശിർക്കിൽ നിന്ന് ജനത്തെ കരകയറ്റുവാനും തൗഹീദിൽ ഉറപ്പിക്കുവാനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഏറ്റവും വലിയ സാമൂഹിക സേവന പ്രവർത്തനമെന്ന് പറയാനുള്ള കാരണമിതാണ്. തിന്മകളിൽനിന്നും അധർമങ്ങളിൽനിന്നും സഹജീവികളെ സംസ്കരിക്കുവാൻ വേണ്ടിയുള്ള ശ്രമം മാത്രമല്ല അത്; ശാശ്വതമായ നരകശിക്ഷയിൽനിന്ന് തനിക്ക് ചുറ്റുമുള്ളവരെ രക്ഷിക്കുവാൻ വേണ്ടിയുള്ള ശ്രമം കൂടിയാണത്. ഈ കാരുണ്യ പ്രവർത്തനത്തിനാണ് പ്രവാചകന്മാരെല്ലാം പ്രഥമസ്ഥാനം നൽകിയത്; പ്രവാചകന്മാരുടെ പാത പിൻപറ്റുന്നവരും ഒന്നാമതായി ശ്രദ്ധിക്കേണ്ടത് ഇക്കാര്യംതന്നെയാണെന്ന് പറയുന്നത് അതുകൊണ്ടാണ്.